## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2908          06.11.2019-ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിന് സ്വന്തമായി സൈബർ സെൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, എൻ. ഷംസുദ്ദീൻ<br>,, പി.ഉബൈദുള്ള<br>,, ടി. വി. ഇബ്രാഹിം | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| (എ) ഓൺലൈൻ വഴിയും മൊബൈൽ ഫോൺ ഉപയോഗിച്ചുമുള്ള ലഹരി കടത്ത് ഇടപാടുകൾ വർദ്ധിച്ചുവരുന്നത് എക്സൈസിന് ഫലപ്രദമായി തടയാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ടായിട്ടില്ല. വിവിധ സാമൂഹിക മാധ്യമങ്ങളും പുതിയ സാങ്കേതിക വിദ്യ സംവിധാനങ്ങളും ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. എക്സൈസ് ഇന്റലിജൻസ് സംവിധാനവും ഷാഡോ എക്സൈസ്, എക്സൈസ് കമ്മീഷണറുടെ സ്പെഷ്യൽ സ്ക്വാഡുകൾ എന്നിവയും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും ഇതര ഇന്റലിജൻസ് ഏജൻസികളുമായുള്ള സഹകരണത്തിലൂടെയും ലഹരി കടത്ത് ഇടപാടുകൾ തടയുന്നതിന് ഫലപ്രദമായ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) എക്സൈസ് വകുപ്പിന് സ്വന്തമായി ഹൈടെക് സൈബർ സെൽ സജ്ജമാക്കുന്നത് ഇതിന് ഒരു പരിധിവരെ പരിഹാരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) ഓൺലൈൻ വഴിയും മൊബൈൽ ഫോൺ ഉപയോഗിച്ചുമുള്ള ലഹരി കടത്ത് ഇടപാടുകൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ എക്സൈസ് വകുപ്പിന് സ്വന്തമായി ഹൈടെക് സൈബർ സെൽ സജ്ജമാക്കുന്നത് ഇവയെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതാകുമെന്ന് വിലയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) അതിർത്തികടന്നുള്ള ലഹരി കടത്ത് ഉൾപ്പെടെ തടയുന്നതിന് എക്സൈസ് വകുപ്പിന് സ്വന്തമായി സൈബർ സെൽ രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ